# ചൊക്ലി ഗ്രാമപഞ്ചായത്ത് ബജറ്റ്
# 2026-27

**അവതരണം**

## ശ്രീമതി. സപ്ന കെ എം

**വൈസ് പ്രസിഡണ്ട് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ**

## 2026 മാർച്ച് 3 ചൊവ്വാഴ്ച 10.30 AM
## ചൊക്ലി ഗ്രാമപഞ്ചായത്ത് ഹാൾ

# ചൊക്ലി ഗ്രാമപഞ്ചായത്ത് ഭരണസമിതി 2025-2030



എൻ.അനൂപ്
പ്രസിഡൻറ്



കെ.എം സപ്ന
വൈസ് പ്രസിഡൻറ്



പി.ജയചന്ദ്രൻ
വികസനസ്റ്റാൻറിംഗ്
കമ്മിറ്റി ചെയർപേഴ്സൺ




ഷെമീന.കെ.പി
ക്ഷേമകാര്യസ്റ്റാൻറിംഗ് കമിറ്റി
ചെയർപേഴ്സൺ



കെ.ടി.കെ പ്രദീപൻ
ആരോഗ്യവിദ്യാഭ്യാസസ്റ്റാൻറിംഗ്
കമ്മിറ്റി ചെയർപേഴ്സൺ




അജീന്ദ്രൻ
വാർഡ്-1



കെ.പ്രദീപ്
വാർഡ്-2



മിനി.പി
വാർഡ്-3



ഷംസാന.കെ
വാർഡ്-4



ഷിനോജ്.കെ.പി
വാർഡ്-5



ഷിജിൽ.എം.സി
വാർഡ്-6



സജിത.എൻപി
വാർഡ്-9




റിജിന.കെ
വാർഡ്-10



ആരതി വി.എം
വാർഡ്-11




പുരുഷു.വി
വാർഡ്-12



വിനി.കെ
വാർഡ്-13



സാദിഖ്.ഒ.കെ
വാർഡ്-16



ജനീബ.സി.കെ
വാർഡ്-17



ജിൻസി.കെപി
വാർഡ്-18

## പൊതുവിവരങ്ങൾ

| | |
|---|---|
| **ജില്ല** | : കണ്ണൂർ |
| **താലൂക്ക്** | : തലശ്ശേരി |
| **ബ്ലോക്ക് പഞ്ചായത്ത്** | : പാനൂർ |
| **അസംബ്ലി നിയോജക മണ്ഡലം** | : തലശ്ശേരി |
| **പാർലമെന്റ് നിയോജക മണ്ഡലം** | : വടകര |
| **ജില്ലാ പഞ്ചായത്ത് ഡിവിഷൻ** | : പന്ന്യന്നൂർ |
| **ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ** | :കാഞ്ഞിരത്തിൻ കീഴിൽ,ചൊക്ലി,മേക്കുന്ന്,നിടുമ്പ്രം |
| **രൂപീകൃതമായ വർഷം** | : 1964 |
| **വിസ്തൃതി** | : 11.98 ച.കി.മീ |
| **വാർഡുകൾ** | : 17 |
| **ആകെ വീട്ടുകൾ** | : 9305 |
| **ജനസംഖ്യ** | : 34247 |
| **സ്ത്രീകൾ** | : 17723 |
| **പുരുഷൻമാർ** | : 16524 |
| **ട്രാൻസ്ജെൻഡർ** | : 0 |
| **പട്ടിക ജാതി ജനസംഖ്യ** | : 616 |
| **സ്ത്രീകൾ** | : 324 |
| **പുരുഷൻമാർ** | : 292 |
| **പട്ടിക വർഗ്ഗം** | : 4 |
| **സ്ത്രീകൾ** | : 4 |
| **പുരുഷൻമാർ** | : 0 |
| **ജനസാന്ദ്രത** | : 2859/ ച.കി.മീ |
| **സാക്ഷരത** | : 97.48 |
| **കുടുംബശ്രീ യൂണിറ്റുകൾ** | : 199 |
| **വില്ലേജുകൾ** | : 1 |

# പ്രസിഡണ്ടിൻറെ ആമുഖം

പ്രിയരെ,

ഈ ഭരണസമിതിയുടെ ആദ്യ ബജറ്റ് ആണ് ബഹുമാനപ്പെട്ട വൈസ് പ്രസിഡൻറ് ശ്രീമതി കെഎം സപ്ന എവിടെ അവതരിപ്പിക്കുന്നത്.

ജനങ്ങൾക്ക് നൽകിയ വാദ്ഗാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കേണ്ടതുണ്ട്. അവയുടെ മുൻഗണനാക്രമത്തിൽ ആദ്യവർഷത്തെ വികസന പരിപാടികളായിരിക്കും ഈ ബഡ്ജറ്റിലൂടെ അവതരിപ്പിക്കപ്പെടുക.

നവകേരളത്തിൻറെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി വികസനത്തിൻറെ പുതിയ ഉയരത്തിൽ നമ്മുടെ ചൊക്ലിയെ എത്തിക്കണം.

എല്ലാ മേഖലയിലും വികസിതമായ ചൊക്ലി- വികസനത്തിൻറെ ഗുണനഫലം നാടിൻറെ എല്ലാ പ്രദേശങ്ങളുടെയും, എല്ലാ വിഭാഗം ജനങ്ങളുടെയും, ജീവിത നിലവാരത്തിൽ പ്രതിഫലിക്കുന്ന ഒരു സാമൂഹിക ജീവിത കാഴ്ചപ്പാട് ആയിരിക്കും നമ്മൾ അടിസ്ഥാനമാക്കുക.

"വിജ്ഞാന സമൂഹം" അതായിരിക്കണം നമ്മുടെ ലക്ഷ്യം. അതിനായി നമ്മുടെ തൊഴിൽ മേഖല വിജ്ഞാനാധിഷ്ഠിതമാകണം. സമ്പദ്ഘടന വിജ്ഞാന സമ്പദ്ഘടനയാവണം. അതുവഴി വിജ്ഞാന ചൊക്ലിയെ സൃഷ്ടിക്കാനാവണം.

നമ്മുടെ സമ്പദ്ഘടനയെ ശക്തവും ചലനാത്മകവും ആക്കുന്നതിന് കാർഷിക മേഖലയിലും സംരംഭകത്വത്തിലും ഇടപെടലുകളും പ്രോത്സാഹനങ്ങളും നൽകേണ്ടതുണ്ട്. നമ്മുടെ മുൻഗണന മേഖലകളിൽ ഒന്നായി ഇതിനെ മാറ്റേണ്ടതുണ്ട്. കാർഷിക മൃഗപരിപാലന ക്ഷീരവികസന മേഖലയിൽ തൊഴിലുറപ്പ് പദ്ധതി, വകുപ്പുതല പദ്ധതി, പഞ്ചായത്തിൻറെ വികസന പദ്ധതി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കർഷകന് ഉൽപാദന ചെലവ് ലഘൂകരിക്കാൻ ഉതകുന്ന പദ്ധതികൾ വേണം. അടിസ്ഥാന സൗകര്യങ്ങളും ആധുനിക പരിചരണമുറകളും കൃഷിക്കായി ലഭ്യമാക്കണം. വിള വിസ്തീർണം, ജലസേചിത കൃഷിയുടെ അളവ് എന്നിവ വർദ്ധിപ്പിക്കണം. എല്ലാതരത്തിലുള്ള കൃഷിനാശം തടയുന്നതിന് പുതിയ അറിവുകൾ പ്രയോജനപ്പെടുത്താൻ ആവണം. കാർഷിക ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി ഉറപ്പിക്കുവാന് നൂതന ആശയപരിപാടികൾ ആവിഷ്കരിക്കണം.

പ്രാദേശിക സാമ്പത്തിക വികസനത്തിനായി മാറിയ കാലഘട്ടത്തിനനസരിച്ച് പുത്തൻ സംരംഭകസാധ്യതകൾ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കാൻ ആവണം.

എല്ലാ ഉൽപ്പന്നങ്ങളുടെയും ഗുണത ഉറപ്പുവരുത്താനും ജനവിശ്വാസം ആർജിക്കുവാനും വിപണന സാധ്യത സുസ്ഥിരമാക്കുവാനും ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാകണം

ജനങ്ങൾക്ക് ലഭ്യമാകേണ്ട എല്ലാ സേവനങ്ങളുടെയും ഗുണത ഉറപ്പാക്കണം. അതിന് ആയി ഭരണനിർവഹണ സംവിധാനങ്ങൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ഗുണഭോക്ത സൗഹൃദ ഓഫീസ് സംവിധാനം രൂപപ്പെടുത്തണം. ജനകീയ സംഘടന സംവിധാനങ്ങൾ ശക്തിപ്പെടുത്തണം. പ്രാദേശിക ആസൂത്രണത്തിൻറെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി പ്രാദേശിക ഭരണ വ്യവസ്ഥ സംജാതമാക്കാൻ മുൻഗണന ഉണ്ടാകണം. ഭരണഘടനയും കേരള പഞ്ചായത്ത് രാജ് നിയമങ്ങളും അനുശാസിക്കുന്ന തരത്തിലുള്ള അവകാശങ്ങൾ അനുഭവിക്കാൻ ഗ്രാമസഭയ്ക്ക് കഴിയേണ്ടതുണ്ട്. അതിന് മുന്തിയ പരിഗണന തന്നെ നൽകണം

ശുചിത്വം, കുടിവെള്ളം, ആരോഗ്യം ഈ മേഖലകളിൽ സംയോജിത പദ്ധതികൾ ഉണ്ടാവണം. ശുചിത്വശീലവും ശുദ്ധകുടിവെള്ളവും ആരോഗ്യത്തിലേക്ക് നയിക്കും എന്ന ധാരണയോടെ നീങ്ങാനാവണം. ശുചിത്വ ശീല രൂപീകരണം ലക്ഷ്യമിട്ടുകൊണ്ട് വിവിധ തലങ്ങളിൽ പദ്ധതികൾ ഉണ്ടാവണം. ശുചിത്വ ഉപാധികൾ ജനങ്ങൾക്ക് നൽകുന്നതോടൊപ്പം അതിൻറെ ശാസ്ത്രീയ പരിപാലനവും ശീലിപ്പിക്കണം. വിദ്യാർത്ഥികളെ മോണിറ്ററിങ്ങിനും പോലീസിങ്ങിനും ലഭ്യമാക്കാമോ എന്നും ആലോചിക്കണം. ഗുണമേന്മയുള്ള ജലം ജനങ്ങളുടെ അവകാശമാക്കണം. ആയതിനാൽ തൽസ്ഥല ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി വേണം.

ആരോഗ്യ രംഗത്ത് രോഗപ്രതിരോധം, ചികിത്സ, പുനരധിവാസം എന്ന സമീപനം ഉണ്ടാവണം. അയൽക്കൂട്ടങ്ങളുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ബോധവൽക്കരണത്തിനായി പദ്ധതികൾ വേണം. പാരാമെഡിക്കൽ സംവിധാനം ശക്തിപ്പെടുത്തണം. സമീപഭാവിയിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ മുഴുവൻ സംവിധാനങ്ങളും ഉണ്ടാവണം. കുറ്റമറ്റ പാലിയേറ്റീവ് പരിചരണം ഒരുക്കാനാവണം. ദ്രവമാലിന്യ പരിപാലനത്തിന് പുതിയ പദ്ധതികൾ ഉണ്ടാക്കണം. ഓ ഡി എഫ് പ്ലസ് പ്ലസ് ലേക്ക് നീങ്ങണം.

ഭവനം എന്നത് ജനങ്ങളുടെ ആത്മാഭിമാനത്തിൻറെ പ്രതീകമാണ്. മുഴുവൻ കുടുംബത്തിനും വീട് ലഭ്യമാക്കാൻ വേണ്ട പിന്തുണ നൽകാൻ കഴിയണം. കലാകായിക വിദ്യാഭ്യാസ മേഖലകളിലും മുന്നേറ്റം ഉണ്ടാക്കാനുള്ള പദ്ധതി വേണം പട്ടികജാതി വിഭാഗത്തിന് കുടുംബ കേന്ദ്രീകൃത വികസന സമീപനം തുടരണം. കളിയിടങ്ങൾ ഓരോ വാർഡിലും ഉണ്ടാവണം. സൗന്ദര്യവൽക്കൃത പൊതുയിടങ്ങൾ പഞ്ചായത്തിൻറെ

മുഖമുദ്രയാവണം. ടൂറിസം മേഖലയിൽ പുതിയ സാധ്യതകൾ ചൊക്ലിക്കുണ്ട്. ചൊക്ലിയുടെ തനത് വിഭവങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് രൂപപ്പെടുത്തണം. ചൊക്ലിയുടെ പ്രാദേശിക ചരിത്രം രേഖപ്പെടുത്താനും പരിപാടി ഉണ്ടാവണം.

പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി സാമൂഹിക നീതിയിൽ അധിഷ്ഠിതമായ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ വിഭാഗങ്ങളെയും ഉൾച്ചേർക്കുന്ന സുസ്ഥിരവികസന പരിപാടികൾ ആണ് നാം ആവിഷ്കരിക്കേണ്ടത്. അതുവഴി നമ്മുടെ സാമൂഹിക സന്തോഷസൂചിക ഉയർത്താനാവണം. അതിനായുള്ള പരിപാടികളും പദ്ധതികളും ഈ ബജറ്റിൽ ഉണ്ടാകുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

പ്രിയരെ,

- ബജറ്റ് പ്രതീക്ഷയാണ്
- വ്യക്തികളുടെയും പ്രദേശത്തിൻറെയും സന്തോഷപ്രതീക്ഷ
- ഞാനും ഞങ്ങളും വികസനത്തിൽ ഉൾച്ചേരുന്നു എന്ന പ്രതീക്ഷ

പ്രതീക്ഷകൾ അക്ഷരാർത്ഥത്തിൽ നിറവേറ്റപ്പെടുമെന്ന് ഞങ്ങൾ ഉറപ്പു നൽകുന്നു.

സ്നേഹത്തോടെ
എൻ അനൂപ്
പ്രസിഡൻറ്
ചൊക്ലി ഗ്രാമപഞ്ചായത്ത്

ചൊക്ലി ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ആണ് ഇന്നിവിടെ അവതരിപ്പിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെവകുപ്പ് 214 ഉം അതിലെ ഒന്നു മുതൽ എട്ടു വരെയുള്ള ഉപവകുപ്പും അനുസരിച്ചാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വാർഷിക ബജറ്റ് അവതരിപ്പിക്കുന്ന ചൊക്ലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അധ്യക്ഷം വഹിക്കുന്ന ബഹുമാനപ്പെട്ട പ്രസിഡണ്ട് ശ്രീ എൻ. അനൂപ്, വിവിധ സ്ഥിരം സമിതി അധ്യക്ഷൻമാർ, ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് അംഗം, പാനൂർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്തിലെ മറ്റ് ഭരണസമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എക്സ് ഒഫീഷ്യോ സെക്രട്ടറിമാരായ നിർവഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്തിലെയും ഘടക സ്ഥാപനത്തിലെയും ജീവനക്കാർ, മാധ്യമ സുഹൃത്തുക്കൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ക്ഷണിതാക്കളായി എത്തിയിട്ടുള്ള ബഹുജനങ്ങൾ, തുടങ്ങിയ എല്ലാവരെയും ഈ ബജറ്റ് യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

ബജറ്റിന് മുന്നോടിയായിട്ടുള്ള ചർച്ചകളിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ള മുഴുവൻ ജനങ്ങൾക്കും നന്ദി അറിയിക്കുകയാണ്.

ചൊക്ലി ഗ്രാമപഞ്ചായത്തിൻറെ 2026-27 വർഷത്തെ വരവ് ചിലവ് പ്രതിപാദി ബജറ്റ് ധനകാര്യ സ്ഥിരം സമിതി അധ്യക്ഷയായ ഞാൻ ഭരണസമിതിയുടെ ബജറ്റ് യോഗത്തിന് മുമ്പാകെഅവതരിപ്പിക്കുകയാണ്.

2025 ഡിസംബർ 21ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റ ഭരണസമിതിയുടെ ആദ്യ ബജറ്റ് ആണ് ഇത്. ഒപ്പം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തെ ബജറ്റും ആണ്. പഞ്ചവത്സര പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനൊപ്പം കഴിഞ്ഞ ഭരണസമിതിയുടെ തുടർച്ചയും വളർച്ചയുമായ ഈ ഭരണസമിതിയുടെ സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കേണ്ടതുണ്ട്.

2026-27 വർഷത്തെ പ്രതീക്ഷിത വരവുകളും ഗ്രാമപഞ്ചായത്തിൻറെ ദൈനംദിന നടത്തിപ്പിന് അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ, മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്തിലെ വിവിധങ്ങളായ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയുള്ള പ്രതീക്ഷിത ചെലവുകളും ഉൾകൊള്ളിച്ചുകൊണ്ടാണ് ഈ ബജറ്റ്.

ഈ ഭരണസമിതിയുടെ വികസനനയം ബഹുമാനപ്പെട്ട പ്രസിഡണ്ട് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയം നടപ്പിലാക്കാനുള്ള വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിനൊപ്പം കഴിഞ്ഞ ഭരണസമിതി തുടങ്ങിവച്ച എല്ലാ പദ്ധതികളും പൂർത്തീകരിക്കേണ്ടതും ഉണ്ട്.

പഞ്ചായത്തിൻറെ വികസന മുന്നേറ്റത്തിന് സഹായകമായി സർവ്വ പിന്തുണയും സംസ്ഥാന സർക്കാരിൻറെ ഭാഗത്തു നിന്ന് ലഭ്യമാകുന്നുണ്ട്. കേന്ദ്രസർക്കാരിൻറെ ഭാഗത്തു നിന്ന് അർഹതപ്പെട്ട വിഹിതംപോലും സംസ്ഥാന സർക്കാരിന് നൽകാതെ സാമ്പത്തികമായി ഞെരുക്കാൻ ശ്രമിക്കുമ്പോഴും, തനത് വരുമാനം വർധിപ്പിച്ചും, ധനകാര്യ നയതന്ത്രജ്ഞത കൊണ്ടും മികച്ച ധനകാര്യ മാനേജ്മെൻറ് കൊണ്ടും സംസ്ഥാന സർക്കാർ മികച്ച രീതിയിൽ ക്ഷേമ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് നടപ്പിലാക്കുകയാണ്.

ക്ഷേമപെൻഷനിലെ വർധന, സ്ത്രീശാക്തീകരണ പദ്ധതി, തൊഴിൽ അന്വേഷകരായ യുവതക്കുള്ള സ്കോളർഷിപ്പ്, ജീവനക്കാർക്കുള്ള ക്ഷാമബത്ത ആനുകൂല്യം തുടങ്ങിയ എല്ലാ ക്ഷേമാനുകൂല്യങ്ങളും കുടിശ്ശികയില്ലാതെ നൽകി എന്നതും അഭിമാനകരമാണ്. അതിനു പഞ്ചായത്തിലെ ജനതയ്ക്കു വേണ്ടി കേരള സർക്കാരിനെ നന്ദി അറിയിക്കുന്നു.

കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന കർഷക വിരുദ്ധ, തൊഴിലാളി വിരുദ്ധ നയങ്ങളും, അമേരിക്കയുമായി ഏർപ്പെടുന്ന വാണിജ്യ കരാറുകളും രാജ്യത്ത് പൊതുവേ എന്ന പോലെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ദൈനംദിനം ജീവിതത്തെയും പ്രതികൂലമായി ബാധിക്കുമോ എന്ന ആശങ്ക പങ്കുവെക്കുകയാണ്.

നമ്മുടെ ചൊക്ലി ഗ്രാമപഞ്ചായത്ത് നേട്ടങ്ങളുടെ നെറുകയിലാണ്. ഈ വർഷം നമ്മുടെ കുടുംബാരോഗ്യകേന്ദ്രം ദേശീയ അംഗീകാരം (എൻ.ക്യു.എ.എസ് അംഗീകാരം) നേടിയിരിക്കുന്നു. തൊഴിലുറപ്പ് മേഖലയിലെ മികച്ച പ്രവർത്തനത്തിന് മഹാത്മാ പുരസ്കാരവും നമ്മുടെ പഞ്ചായത്ത് നേടിയിരിക്കുന്നു. അഭിമാനാർഹമാണ് ഈ രണ്ട് നേട്ടങ്ങളും. ഈ നേട്ടത്തിനായി പ്രവർത്തിച്ച കഴിഞ്ഞ ഭരണസമിതിയെയും ഉദ്യോഗസ്ഥരെയും സഹായ സഹകരണങ്ങൾ നൽകിയ ബഹുജനങ്ങളെയും അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ. പഞ്ചായത്തിൻറെ ഈ നേട്ടങ്ങൾ പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു.

വലിച്ചെറിയൽ പഞ്ചായത്ത്, അതിദാരിദ്ര്യ മുക്ത പഞ്ചായത്ത്, നേട്ടങ്ങൾ ഏറെയുണ്ട് നമുക്ക്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിജ്ഞാനകേരളം പദ്ധതി, ക്ഷേമം വികസനം പഠന പരിപാടി, ഒരു തദ്ദേശഭരണം ഒരാശയം പദ്ധതി, തുടങ്ങിയ ജനക്ഷേമപരമായ എല്ലാ പദ്ധതികളും നമ്മുടെ പഞ്ചായത്തിലും ഭംഗിയായി നടക്കുന്നുണ്ട്.

ജില്ലാപഞ്ചായത്ത് പദ്ധതിയായിരുന്ന സ്ത്രീപദവിപഠനം, ബ്ലോക്ക് പഞ്ചായത്തിൻറെയും ഹരിത കേരള മിഷൻ്റേയും സഹകരണത്തോടെ തയ്യാറാക്കിയ ജലബജറ്റ് രേഖ, ഡിജിറ്റൽ ഡാറ്റ എന്നിവ കഴിഞ്ഞ ഭരണസമിതി പൂർത്തിയാക്കിയിട്ടുണ്ട്. ആ രേഖകളുടെയും സ്ഥിതി വിവരകണക്കുകളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

നവ കേരള സൃഷ്ടിയാണ് നമ്മുടെ ലക്ഷ്യം. "എല്ലാ മേഖലയിലും വികസിതമായതും, വികസനത്തിൻറെ ഗുണഫലം നാടിൻറെ എല്ലാ പ്രദേശങ്ങളിലും, എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരത്തിൽ പ്രതിഫലിക്കുന്നതുമായ സാമൂഹിക ജീവിത കാഴ്ചപാട്". അതാണ് നവകേരളം. അത് സൃഷ്ടിക്കാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. ഈ ബജറ്റും ആ ദിശയിലേക്കുള്ള ഒരു ചുവടുവെയ്പ്പാണ്.

## ചൊക്ലി ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2026-27

### സംഗ്രഹം

| | |
|---|---|
| പ്രാരംഭ ബാക്കി | 2,10,00,861 |
| നികുതി വരുമാനം | 1,.22,00,000 |
| നികുതിയിതര വരുമാനം | 68,61,000 |
| **ആകെ തനത് ഫണ്ട്** | 4,00,61,861 |
| ജനറൽ പർപ്പസ് ഫണ്ട് | 2,43,63,000 |
| **ആകെ** | **6,44,24,861** |
| മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് | 6,54,95,632 |
| മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക് | 11,36,04,480 |
| **ആകെ റവന്യൂ വരവുകൾ** | **17,91,00,112** |
| ഡെപ്പോസിറ്റുകൾ | 5,00,000 |
| **ആകെ വരവുകളും പ്രാരംഭ ബാക്കിയും** | **24,40,24,973** |
| റവന്യൂചെലവുകൾ-അനിവാര്യചെലവുകൾ | 4,94,10,000 |
| റവന്യൂചെലവുകൾ-പദ്ധതിചെലവുകൾ | 6,54,95,632 |
| റവന്യൂചെലവുകൾ-പദ്ധതിയേതരചെലവുകൾ | 11,36,04,480 |
| ആകെ തനത് പദ്ധതി ചെലവുകൾ | 65,21,580 |
| ഡെപ്പോസിറ്റുകള് | 5,00,000 |
| **ആകെ ചെലവുകള്** | **23,55,31,692** |
| **നീക്കി ബാക്കി** | **84,93,281** |

ബഹുമാന്യരെ,

ബജറ്റ് എന്നത് ചതുര കള്ളികളിലെ കേവലം അക്ഷരങ്ങൾ അല്ല. അത് ഒരു ഗ്രാമത്തിൻറെ പ്രതീക്ഷയും ജനതയുടെ സ്വപ്നവും ജീവിതവും ആണ്. അതുകൊണ്ട് തന്നെ ഭരണസമിതിയുടെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുന്നോടിയായി കഴിഞ്ഞ കാലങ്ങളിൽ നാം നേടിയ നേട്ടങ്ങളെ സുസ്ഥിരമാക്കുന്നതിനുള്ള പദ്ധതികളും ഉണ്ടാവണം. മാലിന്യമുക്ത നവകേരളം, അതിദാരിദ്ര്യമുക്ത നവകേരളം എന്നീ പദ്ധതികൾക്ക് മതിയായ വകയിരുത്തലുകൾ ഉണ്ട്.

## പശ്ചാത്തല വികസനം

നമ്മുടെ നാടിൻറെ സുസ്ഥിര സാമ്പത്തിക വികസനത്തിനായുള്ള ഒരു അവശ്യഘടകമാണ് അടിസ്ഥാന സൗകര്യ വികസനം എന്ന് നാം തിരിച്ചറിയുകയാണ്. വർദ്ധിച്ചു വരുന്ന നഗരവൽക്കരണത്തിന് കൂടുതൽ നിക്ഷേപം പശ്ചാത്തലസൗകര്യ വികസനത്തിന് ആവശ്യമായി വരുന്നു.

സംസ്ഥാനത്ത് ഉയർന്ന ജനസാന്ദ്രതയും പ്രത്യേക രീതിയിലുള്ള നഗരവൽക്കരണവും, നഗര പശ്ചാത്തല വികസനം ഒരുക്കുന്നതിന് വലിയ വെല്ലുവിളിയാണ്.

നമ്മുടെ നാട് അനുദിനം പശ്ചാത്തല മേഖലയിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ തീരദേശത്തെ അടിസ്ഥാനമാക്കി ഗ്രാമീണ റോഡുകൾ വികസിച്ചു കൊണ്ടിരിക്കുകയാണ്. ഗ്രാമീണ റോഡുകൾ ഉൾപ്പെടെ മെക്കാഡം റോഡുകളായി മാറുന്ന പശ്ചാത്തലത്തിൽ ഇനിയും മുന്നേറ്റം ഉണ്ടാവേണ്ടതായിട്ടുണ്ട്.

സംസ്ഥാന സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപ റോഡ് വികസനത്തിനായി മാറ്റിവയ്ക്കുകയാണ്. കൂടാതെ അറുപത്തി ഒന്ന് ലക്ഷത്തി അമ്പതിനായിരം രൂപയും, സി.എഫ്.സി ഫണ്ടിൽ ഉൾപ്പെടുത്തി ഇരുപത് ലക്ഷം രൂപയും, മെയിൻറനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി ഒരുകോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപയും, പ്ലാൻ ഫണ്ടിൽ

ഉൾപ്പെടുത്തി എഴുപത്തി എട്ട് ലക്ഷം രൂപയും എംഎൽഎ ഫണ്ട് ഉപയോഗപ്പെടുത്തി പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപയും ഈ മേഖലയിൽ മാറ്റിവെച്ചു. ആകെ എട്ടു കോടി അറുപത്തിനാല് ലക്ഷത്തി അറുപത്തി ഒമ്പതിനായിരം രൂപ ഈ മേഖലയിൽ വകയിരുത്തുകയാണ്

**ഉല്പാദന മേഖല.**

നമ്മുടെ കാർഷിക ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞു വരികയാണ്. കൃഷി മുഖ്യ തൊഴിലാളിയോ ഉപതൊഴിലായോ പോലും കരുതുന്ന കുടുംബങ്ങളില്ല എന്ന് തന്നെ പറയാം. വിനോദത്തിനും വ്യായാമത്തിനും ഗാർഹിക ആവിശ്യത്തിനുമായി കൃഷി ചെയ്യുന്നവരും, നാമമാത്രമായി പച്ചക്കറി കൃഷിയും പറമ്പ് കൃഷിയുമാണ് നമുക്ക് ഇന്നുള്ളത്. കൃഷി ആദായകരമായി നടത്തുവാനും, മണ്ണ് ജല സംരക്ഷണത്തിനുമായി പദ്ധതികൾ നിർദ്ദേശിക്കുകയാണ്. തെങ്ങിന് ജൈവവളം നൽകാനായി മൂന്നു ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി രണ്ട് രൂപ വകയിരുത്തുകയാണ്. കരനെൽകൃഷിക്കും വാഴക്കന്ന് വിതരണത്തിനുമായി ഒരു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അറുപത് രൂപ നീക്കിവെക്കുന്നു. സമഗ്ര പച്ചക്കറി വികസനത്തിന് ഒരുലക്ഷത്തി എഴുപതിനായിരം രൂപയും വകയിരുത്തുകയാണ്.

കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മണ്ണ് ജലസംരക്ഷണ പ്രവർത്തനം നടത്തുവാനും കാലാവസ്ഥാ വ്യതിയാനത്തിൻറെ ആഘാതം കുറക്കുവാനും തൽസ്ഥല മണ്ണ്ജല സംരക്ഷണം, നീർത്തടാധിഷ്ഠിത വികസനം എന്നീ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഏറ്റെടുക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവർത്തനം നടത്താൻ രണ്ട് കോടി ആറ് ലക്ഷത്തി രണ്ടായിരത്തി അഞ്ച് രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പാൽ, മുട്ട എന്നിവയിൽ സ്വയം പര്യാപ്തത ലക്ഷ്യമിടുകയാണ് . ഫാം ഫ്രഷ് മിൽക്ക്, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ സംരംഭം എന്ന രീതിയിൽ ആരംഭിക്കേണ്ടതായുണ്ട്. അതിനായി മതിയായ ഉൽപാദനം

നടക്കേണ്ടതുണ്ട്. അതിനായി പാലിന് സബ്സിഡി നൽകാൻ രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ വകയിരുത്തിയിരുന്നു. കാലിത്തീറ്റയ്ക്ക് സബ്സിഡി ഇനത്തിൽ ഏഴ് ലക്ഷം രൂപയും, കന്നുകുട്ടി പരിപാലനത്തിനും കിടാരി പാർക്കിനും കൂടെ എട്ട് ലക്ഷത്തി ഇരുപത്തി അഞ്ചായിരം രൂപയും വകയിരുത്തിയിരുന്നു. ധാതു ലവണ മിശ്രിതം വിതരണം ചെയ്യാൻ ഒരു ലക്ഷത്തി ഒമ്പതിനായിരത്തി എൺപതു രൂപയും, പോത്തുക്കുട്ടി വിതരണത്തിനായി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപയും നീക്കി വയ്ക്കുകയാണ് എ ബി സി പദ്ധതിക്കായി ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

കാർഷികമേഖലയിലെ സേവന ഗുണവാര വർദ്ധിപ്പിക്കാൻ അടിസ്ഥാനസൗകര്യ വികസനം അനിവാര്യമാണ്. കൃഷിഭവൻ അടിസ്ഥാന സൗകര്യ വികസനത്തിനായി പത്ത് ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങാൻ 1ഒരുലക്ഷത്തി ഇരുപത്തി അഞ്ചായിരം രൂപ വകയിരുത്തുന്നു.

ഇടവിളകൃഷി പ്രോത്സാഹനത്തിനായി മൂന്നു ലക്ഷത്തി എൺപതിനായിരം രൂപ വകയിരുത്തുന്നു. മൺചട്ടിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നാലു ലക്ഷത്തി എഴുപത്തി അഞ്ചായിരം രൂപയും നീക്കിവെക്കുന്നു.

ജനങ്ങളുടെ ജീവിതനിലവാരം ഉയരാൻ അവരുടെ ക്രയശേഷി ഉയരേണ്ടതുണ്ട്. പ്രാദേശിക സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തിയേ ഇത് സാധ്യമാവൂ. അതിനായി സ്റ്റാർട്ടപ്പുകളും നൂതനസംരംഭങ്ങളും ആരംഭിക്കേണ്ടതുണ്ട്. അതിനായി പത്ത് ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

ഗ്രാമീണമേഖലയിലെ ജനങ്ങളുടെ ന്യൂനപോഷണത്തിന് പരിഹാരമെന്നോണം മത്സ്യലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട് കടൽ മത്സ്യത്തിന് പുറമേ ശുദ്ധജല മത്സ്യലഭ്യതയ്ക്കായി മുറ്റത്തൊരു മീൻതോട്ടം പദ്ധതി ആരംഭിക്കുകയാണ്. അതിനായി അറുപതിനായിരം രൂപ നീക്കിവെക്കുന്നു.

മണ്ണിൻറെ രചനയും ഘടനയും നിലനിർത്തിയാലേ ഉൽപാദനക്ഷമത വർധിപ്പിച്ച് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്താനാവൂ. കാലാവസ്ഥ വ്യതിയാനത്തിൻറെ ആഘാതം കുറയ്ക്കാനും ഇത്തരം പ്രവർത്തനം അനിവാര്യമാണ്. ഈ പ്രവർത്തനത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് പതിനെട്ട് ലക്ഷത്തി നാൽപത്തി അഞ്ചായിരം രൂപ വകയിരുത്തുന്നു...

കാർഷിക മേഖലയിലെ ഉത്പാദന വർദ്ധനവിന് സൂക്ഷ്മാണു വളങ്ങൾ അനിവാര്യമാണ്. വെർമി കമ്പോസ്റ്റ് നിർമ്മാണത്തിന് ഏഴ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അറുന്നൂറ് രൂപ വകയിരുത്തുന്നു.

ഭൂഗർഭ ജലവിതാനത്തിൻറെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് പ്രദേശം സെമിക്രിട്ടിക്കൽ സ്റ്റേജിലാണ് ഉള്ളത്. ഇത് ഗുരുതര പ്രത്യാഘാതം ഭാവിയിൽ സൃഷ്ടിക്കും ഈ പ്രതിസന്ധി മറികടക്കാൻ വളരെ ജാഗ്രതയോടെ കർമ്മ പരിപാടികൾ ഏറ്റെടുക്കണം. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതയാണ് ഇവിടെ നമുക്ക് പരിഗണിക്കാൻ ആവുക. ജലസംരക്ഷണ നിർമ്മിതികൾ, വൃക്ഷവത്കരണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും സംരക്ഷണവും, മണ്ണൊലിപ്പ് തടയൽ തുടങ്ങിയവയാണ് നമ്മുടെ പ്രദേശത്ത് ഇതിനായി ഏറ്റെടുക്കാൻ കഴിയുക. അതിനായി ഒരു കോടി എൺപത് ലക്ഷത്തി പത്തൊമ്പതിനായിരം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

മൃഗപരിപാലന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആശ്വാസം നൽകുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തൊഴുത്ത് നിർമ്മാണം നടത്താൻ പതിനഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപയുടെ പ്രവർത്തികൾ ഏറ്റെടുക്കും.

ഗ്രാമീണ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് സംരംഭം ആരംഭിക്കാൻ നേരത്തെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അത്തരം സംരംഭങ്ങൾക്ക് പൊതുവർക്ക് ഷെഡുകൾ നിർമ്മിക്കാൻ തൊഴിലുറപ്പ് മേഖലയിൽ മൂന്നുലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ വകയിരുത്തുന്നു.

സേവന മേഖല

ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണന ഈ ബജറ്റ് നൽകുന്നു. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മൂന്ന് ചികിത്സ സമ്പ്രദായത്തിനുള്ള സൗകര്യവും പഞ്ചായത്തിൽ ഉണ്ട്. ഇവിടങ്ങളിൽ മരുന്നുവാങ്ങാൻ ഇരുപത്തി മൂന്ന് ലക്ഷം രൂപ വകയിരുത്തുകയാണ്.

ആരോഗ്യ മേഖലയിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി അധികമായി നിയമിച്ച ഡോക്ടർ, ജീവനക്കാരുടെയെല്ലാം വേതനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പരിപാലനവും, ഫീൽഡ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കും ആശുപത്രികൾ രോഗി സൗഹൃദമാക്കുന്നതിനുള്ള ചെലവുകൾക്കായി നാല്പത്തി മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ നീക്കി വെക്കുന്നു.

മാലിന്യ പരിപാലനം നമ്മുടെ അനിവാര്യ ചുമതലയാണ്. ഈ രംഗത്ത് നാം ആർജ്ജിച്ച നേട്ടങ്ങൾ സുസ്ഥിരമാകുക എന്നത് അനിവാര്യമാണ്. ഒ.ഡി.എഫ് പ്ലസ് പ്ലസ് പദവി നമുക്ക് നേടേണ്ടതുണ്ട്. ജനങ്ങളുടെ മനോഭാവമാറ്റവും ശീലരൂപകരണവും ആണ് പ്രധാനം. അതിനായി നിരന്തര ബോധവൽക്കരണവും സമഗ്ര ശുചിത്വ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും അനിവാര്യമാണ്. അതുപോലെ തന്നെ പ്രധാനമാണ് ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തുക എന്നത്. ഈ മേഖലയിൽ പദ്ധതികൾക്കായി എട്ട് ലക്ഷത്തി എഴുപത്തി ആറായിരം രൂപ വകയിരുത്തിയിരിക്കുന്നു.

സാമൂഹികശുചിത്വം ഉറപ്പു വരുത്തുന്നതിനും ശുചിമുറി നിർമ്മാണത്തിനും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പതിനഞ്ച് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപയുടെ പദ്ധതികളും ഈ വർഷം നടപ്പിലാക്കും.

സ്വച്ച് ഭാരത് മിഷൻ ഗ്രാമീണ് പദ്ധതിയിൽ ഒരുകോടി മുപ്പത് ലക്ഷം രൂപയുടെ പദ്ധതിയും പ്രതീക്ഷിക്കുന്നു. വിദ്യാലയങ്ങളുടെയും ഘടകസ്ഥാപനങ്ങളുടെയും സിവേജ് ട്രീറ്റ്മെൻറ് ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ധനകാര്യ കമ്മീഷൻ വിഹിതവും ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ലഭ്യമാകും. തുക സംബന്ധിച്ച വിവരം സർക്കാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് അതിനുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. അതിൻറെ വിശദാംശങ്ങൾ പുതുക്കിയ ബജറ്റില് ഉൾക്കൊള്ളിക്കുന്നതാണ്.

പട്ടികജാതി വികസന മേഖലയിൽ കുടുംബ കേന്ദ്രീകൃത വികസന സമീപനമാണ് നടപ്പിലാക്കേണ്ടത്. ആ മേഖലയിൽ വിദ്യാഭ്യാസ പ്രോത്സാഹനമാണ് മുഖ്യമായും ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വേണ്ടി മൂന്ന ലക്ഷത്തി തൊണ്ണൂറായിരം രൂപയും ലാപ് ടോപ് നൽകാൻ രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപയും വകയിരുത്തുന്നു. ഈ മേഖലയിലെ മിശ്രവിവാഹിതർക്ക് ധനസഹായം നൽകാന് നാലു ലക്ഷത്തി അമ്പതിനായിരം രൂപയും വകയിരുത്തുന്നു.

ഭിന്നശേഷി വിഭാഗങ്ങളെ പഞ്ചായത്ത് എന്നും ചേർത്തുപിടിക്കുകയാണ്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദം ആവുക എന്നത് നമ്മുടെ ഭാവി ലക്ഷ്യമാകണം. അവരുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. ബഡ്സ് സ്കൂളിൻറെ സുഗമമായ പ്രവർത്തനത്തിന് ഇരുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി  ഇരുന്നൂറ് രൂപ വകയിരുത്തുകയാണ്. ഭിനശേഷി വിഭാഗത്തിന് സ്കോളർഷിപ്പ് നൽകാൻ ഇരുപത് ലക്ഷം രൂപ നീക്കിവെക്കുന്നു.

മുതിർന്നപൗരന്മാർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. പകൽവീട് നിർമ്മാണത്തിന് പന്ത്രണ്ട് ലക്ഷം രൂപ നീക്കി വയ്ക്കുകയാണ്. വയോജന സംഗമത്തിന് ഒരു ലക്ഷം രൂപയും പകൽ വിശ്രമകേന്ദ്രസൗകര്യം ഒരുക്കാൻ പതിനായിരം രൂപയും നീക്കി വെയ്ക്കുകയാണ്.

എല്ലാ അനിവാര്യ വകയിരുത്തലുകൾ നടത്തുന്നതിനു വേണ്ടി തുക മാറ്റി വെക്കുകയാണ്. എസ് എസ് കെ വിഹിതം പത്ത്  ലക്ഷം രൂപ, ഐ കെ എം വിഹിതം നൽകാൻ ഒരു ലക്ഷം രൂപ, അംഗനവാടി പോഷകാഹാരം പതിനാറ് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ എന്നിങ്ങനെ വകയിരുത്തുന്നു

ഭവനപദ്ധതിക്കായി തുക വകയിരുത്തുകയാണ്. ഭവനം എന്നത് ഓരോ കുടുംബ ത്തിൻറെയും ആത്മാഭിമാനമാണ് എന്നാണ് ഞങ്ങൾ വിലയിരുത്തുന്നത്. അത് ഉറപ്പാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പുതിയ വീട് നിർമിക്കാനും, നിലവിലുള്ളവ വാസയോഗ്യമാക്കാനും, മേൽക്കൂര മാറ്റാനും പദ്ധതി ചെയ്യുന്നുണ്ട്. പൊതുവിഭാഗത്തിന് വീട് പുതുക്കിപണിയാൻ മുപ്പത്തി മൂന്ന് ലക്ഷത്തി ഇരുപത്തി അഞ്ചായിരം രൂപ വകയിരുത്തുകയാണ്. പട്ടികജാതിവിഭാഗം കുടുംബങ്ങൾക്ക് ഇതിനായി അഞ്ച് ലക്ഷം രൂപ നീക്കി വെക്കുകയാണ്.

ഭവനനിർമ്മാണ പദ്ധതിയായ പി എം എ വൈ വിഹിതം നൽകാൻ ഒരു ലക്ഷത്തി നാല്പതിനായിരം രൂപനീക്കി വയ്ക്കുന്നു. ലൈഫ് പദ്ധതിക്ക് ഈ വർഷം വകയിരുത്തുന്നത് മുപ്പത് ലക്ഷം രൂപയാണ്.

ശാക്തീകരിക്കപ്പെട്ട സ്ത്രീ സമൂഹമെന്നത് പരിഷ്കൃത സമൂഹത്തിൻറെ ലക്ഷണമാണ്. ഇന്ന് ലഭ്യമാക്കുന്ന സ്ഥിതി വിവര കണക്കുകൾ പലതും ആശാസ്യമല്ല. പ്രത്യേകിച്ച് തൊഴിൽ പങ്കാളിത്തത്തിൽ സമൂഹത്തിൻറെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ ദൃശ്യത നമ്മുടെ ആഗ്രഹം പോലെ ഇല്ല. വനിതാ രംഗത്തുള്ള പ്രവർത്തനങ്ങള് ഏകോപിപ്പിക്കാൻ ഒരു കമ്മ്യൂണിറ്റി വിമൻസ് ഫെസിലിറ്റേറ്ററെ നിയമിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് വേതനം നൽകുന്നതിനായി രണ്ട് ലക്ഷത്തി നാലായിരം രൂപ വകയിരുത്തുന്നു. ജാഗ്രതാ സമിതി ശാക്തീകരണത്തിന് അമ്പതിനായിരം രൂപ വിലയിരുത്തുന്നു. ജൻ്റര് റിസോഴ്സ്സെൻ്ററിൻറെ ശക്തീകരണത്തിന് അമ്പതിനായിരം രൂപയും വകയിരുത്തുന്നു.

വനിതകൾക്കായി ഓപ്പൺ ജിം സ്ഥാപിക്കാൻ പത്ത് ലക്ഷം രൂപ വകയിരുത്തുകയാണ്. വനിതകളുടെ ശാരീരിക മാനസിക സുസ്ഥിതിക്ക് ഈ സെൻറർ പ്രയോജനപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽരംഗത്ത് വനിതാപ്രാതിനിധ്യം ഉറപ്പാക്കാൻ തൊഴിൽ പരിശീലനം നൽകേണ്ടി യിരിക്കുന്നു. അതിനായി ഒരു തൊഴില് പരിശീലന കേന്ദ്രം നിർമ്മിക്കാൻ എട്ടു ലക്ഷം രൂപ വകയിരുത്തുന്നു....

അർഹതയുള്ള മുഴുവൻ ജനങ്ങളും ക്ഷേമ അനുകൂലം ലഭ്യമാക്കുക എന്നതാണ് ഭരണസമിതിയുടെ നയം അതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഭരണസമിതി ചെയ്യുന്നതാണ്.

പഞ്ചായത്ത്പ്രദേശത്ത് കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, ഭിന്നശേഷി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക പെൻഷൻ എന്നിങ്ങനെ ഏഴുതരം പെൻഷൻ ആനുകൂല്യങ്ങള് ലഭ്യമാക്കുന്നുണ്ട്. ഈ ഇനത്തിൽ പതിനൊന്ന് കോടി രൂപ വിനിയോഗിക്കും.

വിദ്യാഭ്യാസമേഖലയിൽ നമ്മുടെ പഞ്ചായത്തില് ഗവ.വിദ്യാലയങ്ങള് ഒന്നുംതന്നെ ഇല്ല. അതിനാൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രത്യേക വകയിരുത്തൽ നമുക്ക് ആവശ്യമില്ല. എന്നാല് അക്കാദമിക് നിലവാരം ഉയർത്താ പദ്ധതികൾ നമ്മൾ ഏറ്റെടുക്കുന്നു. സ്മൈല് പ്ലസ് സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്നിവക്ക് രണ്ട് ലക്ഷം രൂപ വകയിരുത്തുന്നു. കേരളോത്സവം യുവജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ വേണ്ടി ഒന്നരലക്ഷം രൂപ വകയിരുത്തുന്നു. തുടര് സാക്ഷരത പ്രവർത്തനത്തിന് എഴുപത്തി നാലായിരത്തി അറുന്നൂറ് രൂപ. വകയിരുത്തുന്നു.

യുവജനതയുടെ ക്രിയാശേഷിയെ സാമൂഹിക പുനർനിർമ്മാണത്തിന് പ്രയോജനപ്പെടുത്താനും കായിക ശേഷി വികസിപ്പിക്കാനും വേണ്ടി അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുകയാണ് അതിനായി അറുപതിനായിരം രൂപ വകയിരുത്തുന്നു.

ഓരോ വാർഡിലും ഓരോ മിനി സ്റ്റേഡിയവും പഞ്ചായത്ത് തലത്തിൽ സ്റ്റേഡിയവും ഉണ്ടാവണം എന്നാണ് പഞ്ചായത്ത് ആഗ്രഹിക്കുന്നത്. പഞ്ചായത്ത് സ്റ്റേഡിയം സ്ഥലമെടുപ്പ് പ്രാഥമിക പ്രവർത്തനത്തിന് ഇരുപതിനായിരം രൂപ വകയിരുത്തുന്നു....

മേനപ്രം പ്രദേശത്ത് മിനി സ്റ്റേഡിയം സ്ഥലമെടുപ്പ് ത്രിതല പഞ്ചായത്തിൻറെ സാമ്പത്തിക സഹകരണത്തോടെ നടത്താൻ വേണ്ടി അറുപത് ലക്ഷം രൂപ വകയിരുത്തുകയാണ്.

പഞ്ചായത്ത്   ദേശത്ത് ചടങ്ങുകൾക്കായി ഒരിടം ഇന്നില്ല. അതിവേഗം നഗരവത്കരിക്കപ്പെടുന്ന നമ്മുടെ പ്രദേശത്ത് ഒരു കൺവെൻഷൻ സെൻറർ അനിവാര്യമാവുകയാണ്. അതിനായി സ്ഥലം ഏറ്റെടുക്കുന്നതിൻറെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി പതിനായിരം രൂപ നീക്കിവെക്കുന്നു.

പഞ്ചായത്തിൻറെ വായനശാലയായ കവിയൂർ വായനശാല അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു.

പഞ്ചായത്തിൻറെ സാംസ്കാരിക നിലയം 18 വാർഡിൽ സ്ഥിതി ചെയ്യുന്നുണ്ട്. സാംസ്കാരിക നിലയത്തിൻറെ നവീകരണം, സൗന്ദര്യവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി ഏഴ് ലക്ഷം രൂപ വകയിരുത്തുന്നു.

പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന അംബേദ്കർ സാംസ്കാരിക നിലയത്തിൻറെ നവീകരണത്തിന് ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

അഭ്യസ്തവിദ്യരായ യുവതയ്ക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും യോജിക്കുന്ന തരത്തിൽ സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സഹായം ലഭ്യമാക്കുന്ന വിജ്ഞാനകേരളം പരിപാടിക്ക് അമ്പതിനായിരം  രൂപ നീക്കിവെക്കുന്നു.

സാമൂഹ്യസന്തോഷം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നമ്മൾ ഏറ്റെടുക്കുകയാണ്. വിവിധ റോഡുകളും പൊതു ഇടങ്ങളും സൗന്ദര്യവൽക്കരിക്കുക, ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കുക എന്നിവ ഉദ്ദേശിക്കുന്നു അതിനായി ഒരു ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

അങ്കണവാടികളുടെ നല്ല നടത്തിപ്പ് പഞ്ചായത്തിൻറെ ഉത്തരവാദിത്തമാണ്. കുട്ടികളുടെ സാമൂഹികരണം,പൌരബോധം ശീലരൂപീകരണം എന്നിവ പ്രധാനമാണ് . അതിനായി അങ്കണവാടി

കലാമേളക്കായി മുപ്പതിനായിരം രൂപ വകയിരുത്തുന്നു. അങ്കണവാടി കളി ഉപകരണങ്ങൾ വാങ്ങാൻ ഒരു ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തുന്നു..

മുഴുവൻ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. അതിനുള്ള ശ്രമം തുടരുകയാണ്. സ്വന്തമായി കെട്ടിടമുള്ള എല്ലാ അങ്കണവാടികളിലും ആവശ്യമുള്ള ഇടങ്ങളിൽ അറ്റകുറ്റ പണികൾ നടത്താനും ശിശു സൗഹൃദം ആക്കാനും പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. അതിനായി പന്ത്രണ്ട് ലക്ഷം രൂപ വകയിരുത്തുകയാണ്. അംഗണവാടികൾക്ക് വേസ്റ്റ് ബിന്ന് വാങ്ങാൻ അമ്പത്തി നാലായിരം രൂപയും വകയിരുത്തുകയാണ്

സ്വന്തം കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടം പണിയാൻ സ്ഥലമേറ്റെടുക്കാനുള്ള പ്രാഥമിക പ്രവർത്തനങ്ങൾക്ക് പതിനായിരം രൂപ വകയിരുത്തുന്നു.

കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഗുണഭോക്തൃസമിതികൾ അവ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നുമുണ്ട്. എന്നിരുന്നാലും കടുത്ത വരൾച്ച വരുമ്പോൾ കുടിവെള്ളം ലഭ്യമാക്കേണ്ടി വരികയാണെങ്കിൽ അതിനായി അഞ്ച് ലക്ഷം രൂപ വകയിരുത്തുകയാണ്

ജനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് നൽകുന്ന സേവനങ്ങൾ അതിൻറെ എല്ലാ ഗുണങ്ങളോടും കൂടി ലഭ്യമാകേണ്ടതുണ്ട്. അതിന് എല്ലാ ഓഫീസുകളിലും അടിസ്ഥാനസൗകര്യം വികസിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ തുക വകയിരുത്തുകയാണ്. പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ എ എം സി ക്ക് എഴുപത്തി അഞ്ചായിരത്തി അഞ്ഞൂറ്റി അമ്പത് രൂപ വിവിധ ഓഫീസുകൾക്കുള്ള കണ്ടിജൻസി ചെലവുകൾക്ക് മതിയായ തുക വകയിരുത്തുകയാണ്.

പഞ്ചായത്ത്ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങാൻ അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്തിൽ നടത്തുന്ന എല്ലാ വികസന പദ്ധതികളും ഡോക്യുമെൻ്റ് ചെയ്യണം. അതിനായി ഒരു ലക്ഷം രൂപ

വകയിരുത്തുന്നു. സ്മാർട്ട് ഐ അഞ്ചാംഘട്ടത്തിനായി പത്ത് ലക്ഷം രൂപ വകയിരുത്തുന്നു.

അസിസ്റ്റൻറ് എൻജിനീയറുടെ വാഹന വാടക നൽകുന്നതിന് നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ വകയിരുത്തുന്നു.

തെരുവു വിളക്ക് സ്ഥാപിക്കുക എന്നത് പഞ്ചായത്തിൻറെ അനിവാര്യ ചുമതലയാണ്. അതിനായി പുതിയ ലൈൻ സ്ഥാപിക്കാൻ പത്ത് ലക്ഷം രൂപ വകയിരുത്തുന്നു.. തെരുവ് വിളക്ക് എ എം സി ക്കായി നാല് ലക്ഷത്തി തൊണ്ണൂറ്റ് അഞ്ചായിരം രൂപ വകയിരുത്തുന്നു.

പഞ്ചായത്തിൻറെ വാഹനത്തിൻറെ ഡീസൽ, ഡ്രൈവറുടെ വേതനം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് മതിയായ തുക വകയിരുത്തുന്നുണ്ട്.

ജില്ലാപഞ്ചായത്തുമായി സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മതിയായ വകയിരുത്തലുകൾ നടത്തുന്നു എ ബി സി പ്രോഗ്രാമിന് ഒരു ലക്ഷം രൂപ വകയിരുത്തുന്നു.

ലഹരി വിരുദ്ധ ക്യാമ്പയിനിൻറെ ഭാഗമായുള്ള ബോധവൽക്കരണ പദ്ധതിക്ക് ഇരുപത്തി അഞ്ചായിരം രൂപ വകയിരുത്തുന്നു...

ആരോഗ്യസുസ്ഥിതിയുടെ ഭാഗമായി ക്ഷയരോഗികൾക്ക് പോഷകാഹാര പദ്ധതിക്ക് പിന്തുണ നൽകാൻ തൊണ്ണൂറായിരം രൂപ വകയിരുത്തുന്നു. കണ്ണൂർ ഫൈറ്റ് കാൻസർ പദ്ധതി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

പൊതുശൌചാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ അമ്പതിനായിരം രൂപ വകയിരുത്തുന്നു.

പാലിയേറ്റീവ് പരിചരണം നമ്മുടെ പ്രധാന പദ്ധതിയായി പഞ്ചായത്ത് കാണുന്നു. അതിന് ആവശ്യമായ തുക വകയിരുത്തുന്നതാണ്. ഈ വാർഷിക പദ്ധതിയിൽ പതിനൊന്ന് ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

ചൊക്ലി ഗ്രാമപഞ്ചായത്തിലെ 2026-27 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിത വരവ് ഇരുപത്തി നാല് കോടി നാല്പത് ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി എഴുപത്തി മൂന്ന് രൂപയും പ്രതീക്ഷിത ചെലവ് ഇരുപത്തി മൂന്ന് കോടി അമ്പത്തി അഞ്ച് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപയും മിച്ചം എൺപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുന്നൂറ്റി എൺപത്തി ഒന്ന് രൂപയും ആണ്.

ഇപ്പോൾ നമ്മുടെ പ്രധാന വരുമാന സ്രോതസ്സ് കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടും സംസ്ഥാന വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടുമാണ്. നമ്മുടെ തനത് വരുമാനം കുറവാണ്. അത് ഒരു കോടി ഇരുപത് ലക്ഷം മാത്രമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനം എന്ന രീതിയിൽ തനത് വരുമാനം വർധിപ്പിച്ച് സ്വയംഭരണ സ്ഥാപനമെന്ന പേര് അന്വർത്ഥമാക്കേണ്ടതുണ്ട്. മറ്റുസ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വിഭവം ക്രമീകരിച്ച് വിനിയോഗിക്കുന്ന ഒരു ഏജൻസി മാത്രമായി നമ്മള് മാറിക്കൂടാ. തനത് വരുമാന വർധന അനിവാര്യമാണ്.

തനത് വരുമാന വർധനക്കുള്ള ചില സാധ്യതകൾ ചർച്ചയ്ക്കായി അവതരിപ്പിക്കുകയാണ്.

- വസ്തു നികുതി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക. നിയമ പ്രകാരം ഒടുക്കേണ്ടി വരുന്ന നികുതിയും നിലവിൽ അടക്കുന്ന നികുതിയും പൊരുത്തപ്പെടുത്തി വ്യതിയാനമുണ്ടാകുന്ന പക്ഷം കൃത്യതപ്പെടുത്തുക. ഈ പ്രവർത്തനം വഴി വരുമാന വർധന പ്രതീക്ഷിക്കാവുന്നതാണ്.
- നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വ്യാപാര വാണിജ്യസ്ഥാപനങ്ങളെ ലൈസൻസിംഗിൽ കൊണ്ടുവരിക
- വരുമാനദായക ആസ്തി സൃഷ്ടിച്ചെടുക്കുക. അതിനായി ധനകാര്യ സ്ഥാപനങ്ങളിലെ വായ്പ ലഭ്യമാക്കുക
- ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തി വരുമാനദായക പദ്ധതി ഉണ്ടാക്കുക
- വ്യവസായ പാർക്ക് ആരംഭിക്കുക

വിശദമായ ചർച്ച ഈ കാര്യങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.

| വിവിധ പദ്ധതികൾക്കുള്ള വകയിരുത്തലുകള് (മേഖല തിരിച്ച്) | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | തുക | ഫണ്ട് |
| 1 | കൃഷി, മണ്ണ്ജലസംരക്ഷണം | | |
| | കമ്പോസ്റ്റ് | 762600.00 | NREGA |
| | നീർത്തടം | 20602500.00 | NREGA |
| | | 2653660.00 | Plan fund |
| | **ആകെ** | **24018760.00** | |
| 2 | ശുചിത്വം | 1537000.00 | NREGA |
| | | 13000000.00 | SBM |
| | | 1331000.00 | Plan fund |
| | | 3000000.00 | CFC |
| | **ആകെ** | **18868000.00** | |
| 3 | ഭവന പദ്ധതി | 615000.00 | NREGA |
| | | 6965000.00 | LIFE |
| | **ആകെ** | **7580000.00** | |
| 4 | ആരോഗ്യ മേഖല | 12420000.00 | |
| 5 | ഗ്രാമീണറോഡുകൾ | 50000000.00 | MLA fund |
| | | 6150000.00 | NREGA |
| | | 1250000.00 | MLA fund |
| | | 2000000.00 | CFC |
| | | 19269000.00 | Maintanance grant |
| | | 7800000.00 | Plan fund |
| | **ആകെ** | **86469000.00** | |
| 6 | സാമൂഹ്യ സുരക്ഷ | 106596200.00 | |
| 7 | അടിസ്ഥാന സൌകര്യ വികസനം (കെട്ടിടം, കളിസ്ഥലം,അറ്റകുറ്റപണികൾ) | 11300000.00 | |
| 8 | കുടിവെള്ള വിതരണം, ജലസംരക്ഷണം | 500000.00 | Plan fund |
| | | 9840000.00 | NREGA |
| | **ആകെ** | **10340000.00** | |

| | | | |
|---|---|---|---|
| 9 | ഭിന്നശേഷി വിഭാഗം | 4346000.00 | |
| 10 | പാലിയേറ്റീവ് പരിചരണവും വയോജന ക്ഷേമവും | 2564000.00 | |

ബഹുമാന്യരെ,

2026-27 വർഷത്തെ ചൊക്ലി ഗ്രാമപഞ്ചായത്തിൻറെ ബജറ്റ് വിശദമായ ചർച്ചയ്ക്കായി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

സപ്ന കെ എം

ചെയർപേഴ്സൺ.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി